പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2622 **28-10-2026-ൽ മറുപടിയ്ക്ക്**

സംരക്ഷിത വനമേഖലയിലെ ആവാസ വ്യവസ്ഥ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഷിബു തെക്കുംപുറം

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ സംരക്ഷിത വനമേഖലയിലെ ആവാസവ്യവസ്ഥയ്ക്ക് ഹാനികരമാകുന്ന വൈദേശിക വൃക്ഷങ്ങൾ ആയ യൂക്കാലിപ്റ്റസ്, സെന്ന, അക്കേഷ്യ, വാറ്റിൽ സസ്യങ്ങളുടെ പ്ലാന്റേഷനുകൾ സംരക്ഷിത വനമേഖലയിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: കേരളത്തിലെ സംരക്ഷിത വനമേഖലകളിൽ വൈദേശിക വൃക്ഷങ്ങളായ യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാറ്റിൽ പ്ലാന്റേഷനുകൾ നിലവിലുണ്ട്. സൈലന്റ് വാലി, വയനാട് വന്യജീവി സങ്കേതം, പെരിയാർ ഈസ്റ്റ്, പെരിയാർ വെസ്റ്റ്, മൂന്നാർ എന്നിവിടങ്ങളിൽ യൂക്കാലിപ്റ്റസ് തോട്ടങ്ങളും മൂന്നാർ വന്യജീവി ഡിവിഷനിൽ വാറ്റിൽ തോട്ടവും തിരുവനന്തപുരം വന്യജീവി ഡിവിഷനിൽ അക്കേഷ്യ തോട്ടവും നിലവിലുണ്ട്. അധിനിവേശ കളവൃക്ഷമായ മഞ്ഞക്കൊന്ന എന്ന പേരിൽ അറിയപ്പെടുന്ന സെന്ന (*Senna spectabilis*) വയനാട് വന്യജീവി സങ്കതത്തിലെ അയ്യായിരത്തോളം ഹെക്ടർ പ്രദേശത്ത് വ്യാപിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ വന്യജീവി ഡിവിഷനുകളിലെ വൈദേശിക വൃക്ഷത്തോട്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വന്യജീവി ഡിവിഷൻ	യൂക്കാലിപ്റ്റസ് (ഹെക്ടറിൽ)	അക്കേഷ്യ (ഹെക്ടറിൽ)	വാറ്റിൽ (ഹെക്ടറിൽ)
1	സൈലന്റ് വാലി	50.39	-	-
2	വയനാട് വന്യജീവി സങ്കേതം	469.40	-	-
3	പെരിയാർ ഈസ്റ്റ്	937.83	-	-
4	പെരിയാർ വെസ്റ്റ്	1038.00	-	-
5	മൂന്നാർ	628.07	-	1203.346
6	തിരുവനന്തപുരം വന്യജീവി ഡിവിഷൻ	-	154.698	-

(ബി) ഉണ്ടെങ്കിൽ സംരക്ഷിത വനമേഖലയിൽ നിന്നും പ്രസ്തുത സസ്യങ്ങൾ നിർമാർജ്ജനം ചെയ്ത് പുൽമേടുകളും സ്വാഭാവിക വനങ്ങളുമായി പ്രസ്തുത സ്ഥലം പരിവർത്തനം ചെയ്യുന്നതിനുള്ള

കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പുനഃസ്ഥാപന നയത്തിന്റ ഭാഗമായി സംരക്ഷിത മേഖലയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാറ്റിൽ തുടങ്ങിയ വൈദേശിക വൃക്ഷത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക വനങ്ങളും പുൽമേടുകളുമായി പരിവർത്തനം ചെയ്യുന്നതിന് അതാത് സംരക്ഷണ മേഖലകളുടെ മാനേജ്മെന്റ് പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വയനാട് വന്യജീവി സങ്കേതത്തിൽ പടർന്നു പിടിച്ചിട്ടുള്ള സെന്ന നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. KPPL മായി സഹകരിച്ച് ഇതിനകം 5258 കൃ.മി. സെന്ന നീക്കം ചെയ്തിട്ടുള്ളതും ടി പ്രവൃത്തി പുരോഗമിച്ചു വരുന്നതുമാണ്. കൂടാതെ ജീവനക്കാരുടേയും വാച്ചർമാരുടേയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ സെന്ന വേരോടെ പിഴുതുമാറ്റി നശിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവും നടത്തി വരുന്നു. കൂടാതെ സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി വനമേഖലയിൽ കാണപ്പെടുന്ന പുൽമേടുകളുടെ മാപ്പിംഗിനും ശാസ്ത്രീയ പരിപാലനത്തിനുമായി കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ